A1/151/2024-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള ലളിതകലാ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.269/2024/CLAD തീയതി,തിരുവനന്തപുരം, 30-05-2024

പരാമർശം:-
1. കേരള ലളിതകലാ അക്കാദമി സെക്രട്ടറി 04.05.2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസൽ.
2. 04.05.2024-ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

കേരള ലളിതകലാ അക്കാദമിയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾക്കായി 2024-2025 സാമ്പത്തികവർഷം "2205-00-102-91-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ 5,50,00,000/-രൂപ (അഞ്ച് കോടി അമ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 04.05.2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം സൂചന (1) പ്രകാരം പ്രൊപ്പോസൽ പരിഗണിക്കുകയും കേരള ലളിതകലാ അക്കാദമിയ്ക്ക് 2024-2025 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 5,50,00,000/-രൂപ (അഞ്ച് കോടി അമ്പത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നൽകുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച കേരള ലളിതകലാ അക്കാദമിയുടെ 2024-25 സാമ്പത്തികവർഷത്തെ ചുവടെച്ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള വിവിധ പദ്ധതിപ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് "2205-00-102-91-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5,50,00,000/-രൂപ (അഞ്ച് കോടി അമ്പത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു:

| ക്രമ നം. | പദ്ധതിയുടെ പേര് | ശീർഷകം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | അവാർഡുകളും, ഫെല്ലോഷിപ്പുകളും | | 63 |
| 2. | കലാവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | 12 |
| 3. | കലാക്യാമ്പുകളും സെമിനാറുകളും ശിൽപശാലകളും അനുബന്ധ പരിപാടികളും (കലാക്യാമ്പുകൾ, സ്കൂൾ ശിൽപോദ്യാനം, ആർട്ടിസ്റ്റ് റസിഡൻസി - ദേശീയം / അന്തർദേശീയം / സംസ്ഥാനതലം, ന്യൂമീഡിയ ആർട്ടിസ്റ്റ് ക്യാമ്പ്, വീഡിയോ ആർട്ട് വർക്ക് ഷോപ്പ്, കലായാത്രകൾ, വേൾഡ് ആർട്ട് ടൂർ ആന്റ് എക്സ്ചേഞ്ച് പ്രോഗ്രാം, | | 90 |

| | | | |
|---|---|---|---|
| | സെമിനാറുകൾ / സിമ്പോസിയങ്ങൾ / ശിൽപശാലകൾ) | | |
| 4. | അക്കാദമി എഡ്യുക്കേഷണൽ ഔട്ട്റീച്ച് ഇനിഷ്യേറ്റീവ് | 2205-00-102-91 (P) | 60 |
| 5. | കലാപ്രദർശനങ്ങൾ (സംസ്ഥാന / ദേശീയ / അന്തർദേശീയ / ക്യൂറേറ്റഡ് - 5 എണ്ണം) | | 49 |
| 6. | ഏകാംഗ / ഗ്രൂപ്പ് പ്രദർശനങ്ങൾ - ഗ്രാന്റ് | | 46 |
| 7. | പ്രസിദ്ധീകരണങ്ങളും ലൈബ്രറി വികസനവും | | 30 |
| 8. | ഡോക്യുമെന്റേഷൻ | | 20 |
| 9. | കലാകാരൻമാർക്കായുള്ള ചികിത്സാ സഹായവും, ഇൻഷ്വറൻസ് പരിരക്ഷയും | | 20 |
| 10. | സ്കൂൾ ആർട്ട് ഗ്യാലറി | | 10 |
| 11. | കേന്ദ്രകാര്യാലയത്തിന്റെയും ഗ്യാലറികളുടെയും അടിസ്ഥാന സൗകര്യ വികസനം | | 70 |
| 12. | ഓൺലൈൻ മീഡിയ വികസനവും കലാവസ്തുക്കളുടെ വിപണനവും | | 30 |
| 13. | മറ്റിനങ്ങൾ (കലാവസ്തുക്കളുടെ സംരക്ഷണവും പരിരക്ഷയും, ഖരമാലിന്യ നിർമ്മാർജ്ജനം മുതലായവ) | | 20 |
| 14. | സ്ഥിര ആസ്തികൾ | | 25 |
| 15. | പ്രയാസം അനുഭവിക്കുന്ന കലാകാരന്മാരുടെ മക്കൾക്ക് പഠിക്കുന്നതിന് സ്കോളർഷിപ്പ് | | 5 |
| | **ആകെ** | | **550** |

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്:

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരികവകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരികവകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി ആന്റണി.ഐ.എ.എസ്

സെക്രട്ടറി

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ

മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ (വിദ്യാഭ്യാസ സി /പ്ലാനിംഗ് ബി) വകുപ്പ്

സാംസ്കാരികകാര്യ (ബി) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 01-06-2024 12:06:12

സെക്ഷൻ ഓഫീസർ